**107 (1016) മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഇടവണ്ണ, വെള്ളുവാമ്പ്രം എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടവണ്ണ, വെള്ളുവാമ്പ്രം എന്നീ സ്ഥലങ്ങളിൽ 33 കെ.വി.സബ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനുള്ള ടെൻഡറുകൾ വിളിച്ചു കഴിഞ്ഞു. ഇതു സംബന്ധിച്ച് മേൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

**108 (1017) മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി**

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിൽ മുളംമൂട്-ചന്ദ്രമൻ കോക്കോട് നിവാസികൾ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളത്;

(ബി) എങ്കിൽ എത്ര വീട്ടുകാരാണ് ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളത്;

(സി) ഇവർക്ക് എന്നത്തേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22 വീട്ടുകാർ.

(സി) ഇപ്പോഴത്തെ ടാർജറ്റനുസരിച്ച് 31/3/94-വരെ സാങ്കേതിക അനുമതി നൽകിയിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ-മിനിമം ഗ്യാരന്റി ജോലികളാണ് ഈ വർഷം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ ജോലിയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളത് 4/12/96-ലാണ്. ടാർജറ്റ് പുതുക്കി നിശ്ചയിക്കുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ ഈ ജോലിയും ചെയ്യുന്നതാണ്.

**109 (1018) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള വാഹനങ്ങൾ**

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കീഴിൽ എത്ര വാഹനങ്ങൾ ഉണ്ടെന്ന് സർക്കിൾ ഓഫീസ് അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കാറുകൾ, ജീപ്പുകൾ, ലോറികൾ, മറ്റ് വാഹനങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡിന്റെ എത്ര വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly